15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589 — 11-10-2024 - ൽ മറുപടിയ്ക്ക്

കേരളാഗ്രോ എക്സ്പോ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളാ ഗ്രോ എക്സ്പോ പദ്ധതിയിലൂടെ കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്; | (എ) | കർഷകർ, കാർഷിക സംരംഭകർ, മറ്റ് കാർഷിക സംഘടനകൾ എന്നിവർ നിർമ്മിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ജില്ലാ തലത്തിൽ പ്രദർശന വിപണന മേളകൾ (കേരളഗ്രോ എക്സ്പോ) സംഘടിപ്പിക്കുന്നതിന് 13.03.2024 ലെ GO(Rt)252/2024/Agri പ്രകാരം ഉത്തരവായിട്ടുണ്ട്. കേരളഗ്രോ റിസോഴ്സ് സെന്ററുകൾ മുഖാന്തിരമാണ് ടി മേളകൾ സംഘടിപ്പിക്കുന്നത്.<br><br>കാർഷിക സംരംഭകർക്ക് ആദായപ്രദമായ രീതിയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ സാങ്കേതിക സഹായങ്ങളുൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് കേരളാഗ്രോ എക്സ്പോ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്ക് തങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ഈ മേളകളിലൂടെ സാദ്ധ്യമാകുന്നു. കാർഷികമേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിലൂടെയും ഉത്പന്നങ്ങളുടെ കയറ്റുമതിയ്ക്കു ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിലൂടെയും കാർഷിക വരുമാനം വർദ്ധിപ്പിക്കുക, ദേശീയ അന്തർദേശീയ മൊത്ത ചില്ലറ വ്യാപാര ശൃംഖല പരിചയപ്പെടുത്തുക, കർഷകർക്കും സംരഭകർക്കും നിലവിലുള്ള നിയമങ്ങളെക്കുറിച്ചുള്ള അറിവ് പകരുക തുടങ്ങിയ നിരവധി സേവനങ്ങൾ കേരളാഗ്രോ എക്സ്പോ പദ്ധതിയിലൂടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ഏതെങ്കിലും ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്.<br><br>കണ്ണൂർ ജില്ലയിൽ തലശ്ശേരി കാർണിവൽ എന്ന പേരിൽ 2024 മാർച്ച് 1 മുതൽ 7 വരെ പ്രദർശന |

| | | | |
|---|---|---|---|
| | | | വിപണന മേള സംഘടിപ്പിച്ചു. ആയതിന്റെ ഭാഗമായി കാർഷിക സെമിനാറുകൾ, കർഷകരും കൃഷി ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും പങ്കെടുത്ത മുഖാമുഖം പരിപാടി, വിവിധ ജില്ലകളിലെ കാർഷിക ഉത്പന്നങ്ങളുടെയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശനവും വിൽപ്പനയും സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ